**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 239** **07-06-2021 - ൽ മറുപടിയ്ക്ക്**

**വാക്സിൻ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒരു ഡോസും രണ്ട് ഡോസും വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ കോവിഷീൽഡും കോവാക്സിനും എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഒരു ഡോസും രണ്ട് ഡോസും വാക്സിൻ സ്വീകരിച്ചവരുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് വാക്സിൻ ക്ഷാമമുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത വാക്സിൻ ക്ഷാമം എങ്ങനെ എപ്പോൾ പരിഹരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചിരുന്നു. അത് വളരെ വേഗം തന്നെ ഏകദേശം 1000 ത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 07/06/2021 വരെ കേന്ദ്രം 95,33,830 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചു. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10 ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 37,78,050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിലോട് കൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണം എന്ന ഉദ്ദേശത്തോട് കൂടി ഏപ്രിൽ 12 ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹു. |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. |
| (സി) | രണ്ടാം ഡോസ് വാക്സിൻ സ്വീകരിക്കേണ്ട കാലപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലപരിധി നീളുന്നത് നല്ലതാണെന്ന് വിദഗ്ധാഭിപ്രായമുണ്ടോ; എങ്കിൽ പ്രസ്തുത അഭിപ്രായം ആരുടേതാണെന്ന് വ്യക്തമാക്കാമോ; | (സി) | കോവിഷീൽഡ് വാക്സിൻ ആദ്യഡോസിനുശേഷം 12 മുതൽ 16 ആഴ്ച്ചയ്ക്കുള്ളിലാണ് രണ്ടാമത്തെ ഡോസ് എടുക്കേണ്ടത്. കോവാക്സിൻ ആദ്യ ഡോസിനുശേഷം 4 ആഴ്ച മുതൽ 6 ആഴ്ച്ചയ്ക്കകം രണ്ടാം ഡോസ് സ്വീകരിക്കണം. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് വാക്സിന്റെ കാലപരിധി തീരുമാനിക്കുന്നത്. |
| (ഡി) | കേന്ദ്രത്തിൽ നിന്ന് സൗജന്യമായി എത്ര വാക്സിൻ ലഭിച്ചുവെന്നും പണം മുടക്കി എത്ര വാക്സിൻ വാങ്ങിയെന്നും അറിയിക്കാമോ; | (ഡി) | സംസ്ഥാനത്ത് 7/6/2021 വരെ ലഭ്യമാക്കിയ വാക്സിന്റെ വിവരങ്ങൾ താഴെപ്പറയുന്നു. സംസ്ഥാനം ആകെ വാങ്ങിയ കോവിഷീൽഡ് വാക്സിൻ 7,46,710 (ഏഴ ലക്ഷത്തി നാല്പത്തി ആറായിരത്തി എഴുന്നൂറ്റി പത്ത്) ഡോസും, കേന്ദ്ര സർക്കാർ നൽകിയ കോവിഷീൽഡ് വാക്സിൻ 85,89,180 (എൺപത്തി അഞ്ച് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി ഒരുനൂറ്റി എൺപത്) ഡോസുമാണ്. സംസ്ഥാനം ആകെ വാങ്ങിയ കോവാക്സിൻ 1,37,580 (ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ്റി എൺപത് ) ഡോസും, കേന്ദ്ര സർക്കാർ നൽകിയ കോവാക്സിൻ 9,44,650 (ഒൻപത് ലക്ഷത്തി നാല്പത്തി നാലായിരത്തി അറുന്നൂറ്റി അൻപത്) ഡോസുമാണ്. |
| (ഇ) | സംസ്ഥാനത്ത് ഇനി എത്ര പേർക്ക് വാക്സിൻ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകാമോ? | (ഇ) | 18 വയസ്സിനു മുകളിലുള്ളവർക്ക് വാക്സിൻ നൽകാനുള്ള ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# Coverage Report of Covid - 19 Vaccination

04-06-2021

Rrrrrr-1

| S.No. | District | COVISHIELD | | | COVAXIN | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | Total Achievement | | | Total Achievement | | | Total Achievement | | |
| | | 1st Dose | 2nd Dose | Total Doses | 1st Dose | 2nd Dose | Total Doses | 1st Dose | 2nd Dose | Total Doses Administered |
| 1 | Thiruvananthapuram | 853062 | 241753 | 1094815 | 68732 | 35378 | 104110 | 921794 | 277131 | 1198925 |
| 2 | Kasaragod | 315388 | 79591 | 394979 | 22590 | 6401 | 28991 | 337978 | 85992 | 423970 |
| 3 | Kannur | 532892 | 138615 | 671507 | 33841 | 17506 | 51347 | 566733 | 156121 | 722854 |
| 4 | Kollam | 564836 | 160471 | 725307 | 42135 | 16400 | 58535 | 606971 | 176871 | 783842 |
| 5 | Wayanad | 251116 | 74187 | 325303 | 18555 | 8962 | 27517 | 269671 | 83149 | 352820 |
| 6 | Pathanamthitta | 410423 | 128746 | 539169 | 33401 | 10278 | 43679 | 443824 | 139024 | 582848 |
| 7 | Alappuzha | 480452 | 130895 | 611347 | 45704 | 13466 | 59170 | 526156 | 144361 | 670517 |
| 8 | Malappuram | 582319 | 123027 | 705346 | 36868 | 15304 | 52172 | 619187 | 138331 | 757518 |
| 9 | Thrissur | 678426 | 153998 | 832424 | 38497 | 16885 | 55382 | 716923 | 170883 | 887806 |
| 10 | Kottayam | 478479 | 116451 | 594930 | 31639 | 12746 | 44385 | 510118 | 129197 | 639315 |
| 11 | Kozhikode | 642771 | 161572 | 804343 | 36826 | 22057 | 58883 | 679597 | 183629 | 863226 |
| 12 | Idukki | 257879 | 57778 | 315657 | 19339 | 7547 | 26886 | 277218 | 65325 | 342543 |
| 13 | Ernakulam | 804625 | 204858 | 1009483 | 69678 | 31879 | 101557 | 874303 | 236737 | 1111040 |
| 14 | Palakkad | 466880 | 140235 | 607115 | 30423 | 8545 | 38968 | 497303 | 148780 | 646083 |
| | **Total** | **7319548** | **1912177** | **9231725** | **528228** | **223354** | **751582** | **7847776** | **2135531** | **9983307** |